കയും ചെയ്തിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

തിയേറ്ററുകളിൽ നികുതി വെട്ടിപ്പ്

99 (1460)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ ഓരോന്നിലും എത്ര സിനിമാ തിയേറ്ററുകൾ ഉണ്ടെന്നും പ്രസ്തുത തിയേറ്ററുകളിൽ ഏതൊക്കെ ക്ലാസ്സുകളിൽ എത്ര ഇരിപ്പിടങ്ങളുണ്ടെന്നും, ഹൗസ്ഫുൾ ആയ ദിവസങ്ങളിൽ ഓരോ പ്രദർശനത്തിനും കോർപ്പറേഷന് എന്ത് തുക നികുതിയിനത്തിൽ ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) തിയേറ്ററുകളും കോർപ്പറേഷൻ അധികൃതരുമായി യോജിച്ച് ഹൗസ്ഫുൾ ആയദിവസങ്ങളിലും ആകെ ടിക്കറ്റുകൾ ചെലവായിട്ടില്ല എന്ന രീതിയിൽ നികുതി തട്ടിപ്പ് വരുത്തിവരുന്നതായി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയിൽ ആകെയുള്ള 23 സിനിമാ തിയേറ്ററുകളിലെ 4 ക്ലാസ്സുകളിലായി 10266 സീറ്റുകൾ ഉണ്ട് ഹൗസ്ഫുൾ ആയാൽ ഒരു ഷോയ്ക്ക് നികുതിയിനത്തിൽ 33877 രൂപ ലഭിക്കും. കോഴിക്കോട് നഗരസഭയിൽ 17 സിനിമാതിയേറ്ററുകൾ ഉണ്ട്. രണ്ടു ക്ലാസ്സുകൾ മുതൽ 4 ക്ലാസ്സുകൾവരെ നിലവിലുള്ള കോഴിക്കോട് നഗരത്തിലെ തിയേറ്ററുകളിലായി ആകെ 15581 ഇരിപ്പിടങ്ങളും ഹൗസ്ഫുൾ ദിവസങ്ങളിൽ ഒരു ഷോയ്ക്ക് ഇവയിൽനിന്നും നികുതി ഇനത്തിൽ 71253 രൂപയും ലഭിക്കും കൊച്ചി നഗരസഭയിൽ ആകെ 21 സിനിമാതിയേറ്ററുകളും അവയിൽ വിവിധ ക്ലാസ്സുകളിലായി 16,645 സീറ്റുകളും ഉണ്ട്. ഹൗസ്ഫുൾ ആകുന്ന ഷോയ്ക്ക് നികുതിയിനത്തിൽ നഗരസഭയ്ക്ക് 93,451 രൂപയും ലഭിക്കും.

(ബി) ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

'കില'യുടെ പ്രവർത്തനം

100 (1461)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കിലയുടെ ഭരണ സമിതിയിൽ ആരൊക്കെയാണ് അംഗങ്ങൾ എന്ന് വിശദമാക്കുമോ;

(സി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരും തൊഴിലാളികളും ഉണ്ട്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly